(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ.12/849/2019

കേരള സംസ്ഥാന ഓഡിറ്റ്

ജില്ല ഓഡിറ്റ് കാര്യാലയം, ഇടുക്കി

തൊടുപുഴ-685584
Ph:0486 227332

ഇ-മെയിൽ-doidk.ksad@kerala.gov.in

തീയതി:10.12.2019

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം: **നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്**-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്-
**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)
2) അസി.ഗ്രാമവികസന കമ്മീഷണർ ഇടുക്കി.
3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ-ഐ.ഡി.കെ-12/849/2019 തിയതി:10.12.2019

# ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.03.2019മുതൽ 17.08.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മൂന്ന് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ രണ്ട് എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ടി.എൽ.സാംകുട്ടി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.08.2019 മുതൽ 27.08.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം.കെ.മധുസൂദനൻ നായർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ. മേജോ.കെ.ജോർജ്ജ്, സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ.സി, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡണ്ട് | |
| ശ്രീ. ശ്രീമന്ദിരം ശശികുമാർ | 01.04.2018 മുതൽ 28.05.2018 വരെ |
| ശ്രീമതി. ഷെർലി വിൽസൻ (വൈസ് പ്രസിഡണ്ട്-അധികചുമതല) | 29.05.2018 മുതൽ 08.07.2018 വരെ |
| ശ്രീ. മുകേഷ് മോഹൻ | 09.07.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | |
| ശ്രീമതി. ആലീസ് പി വി, ജോയിന്റ് ബി.ഡി.ഒ-അധികചുമതല) | 01.04.2018 മുതൽ 20.07.2018 വരെ |
| ശ്രീ. ഷെരീഫ് കെ. യു, (ബി.ഡി.ഒ) | 21.07.2018 മുതൽ 30.11.2018 വരെ |
| ശ്രീമതി. ആലീസ് പി വി, ജോയിന്റ് ബി.ഡി.ഒ-അധികചുമതല) | 01.12.2018 മുതൽ 31.01.2019 വരെ |
| ശ്രീ. ഷെരീഫ് കെ. യു, (ബി.ഡി.ഒ) | 01.02.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | |
| ശ്രീ. ശിവകുമാർ ജി | 01.04.2018 മുതൽ 16.09.2018 വരെ |
| ശ്രീ. ഉഷാനന്ദൻ കെ എം | 17.09.2018 മുതൽ 31.10.2018 വരെ |
| ശ്രീ. ശിവകുമാർ ജി | 01.11.2018 മുതൽ 18.11.2018 വരെ |
| ശ്രീ. ഉഷാനന്ദൻ കെ എം | 19.11.2018 മുതൽ 22.01.2019 വരെ |
| ശ്രീ. ശിവകുമാർ ജി | 23.01.2019 മുതൽ 31.01.2019 വരെ |
| ശ്രീ. ഉഷാനന്ദൻ കെ എം | 01.02.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | |
| ശ്രീ. സൈജു ടി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി, നെടുങ്കണ്ടം | |
| ഡോ. മെറിൻ ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പ്രൈമറി ഹെൽത്ത് സെന്റർ-പാമ്പാടുംപാറ) | |
| ഡോ. ബിജു ഫിലിപ്പ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ ആശുപത്രി ചോറ്റുപാറ) | |
| ഡോ.ടി.ആർ രമേശ്ബാബു | 01.04.2018 മുതൽ 05.07.2018 വരെ |
| ഡോ. അഞ്ചു. എസ് (അധികചുമതല) | 06.07.2018 മുതൽ 12.07.2018 വരെ |

| | |
|---|---|
| ഡോ. ജിജി വർഗ്ഗീസ് | 13.07.2018 മുതൽ 22.09.2018 വരെ |
| ഡോ. അഞ്ജു. എസ് (അധികചുമതല) | 23.09.2018 മുതൽ 26.09.2018 വരെ |
| ഡോ. ആനി ടി.എ | 27.09.2018 മുതൽ 30.09.2018 വരെ |
| ഡോ.മണിയമ്മ എസ്.ജെ | 01.10.2018 മുതൽ 31.10.2018 വരെ |
| ഡോ. ആനി ടി.എ | 01.11.2018 മുതൽ 09.03.2019 വരെ |
| ഡോ. അബ്ദുൾജലീൽ കെ | 10.03.2019 മുതൽ 31.03.2019 വരെ |
| **അസിസ്റ്റന്റ് ഡയറക്ടർ (കൃഷി-നെടുങ്കണ്ടം)** | |
| ശ്രീ. പ്രിൻസ് മാത്യു | 01.04.2018 മുതൽ 17.03.2019 വരെ |
| ശ്രീമതി അശ്വതി ടി വാസു<br>(കൃഷി ഓഫീസർ-അധികചുമതല) | 18.03.2019 മുതൽ 31.03.2019 വരെ |
| **സീനിയർ വെറ്ററിനറി സർജൻ** | |
| ഡോ.സി.എൻ.ദിനേശൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ** | |
| ശ്രീ. വിശാഖ് പി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **ഡയറി എക്സ്റ്റൻഷൻ ഓഫീസർ** | |
| ശ്രീമതി. ജിജ സി. കൃഷ്ണൻ | 01.04.2018 മുതൽ 07.07.2019 വരെ |
| ശ്രീമതി. ജാൻസി ജോൺ | 08.07.2018 മുതൽ 31.03.2019 വരെ |
| **ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ** | |
| ശ്രീമതി. ഉഷ സ്റ്റീഫൻ (ഐ.സി.ഡി.എസ് സൂപ്പർവൈസർ, രാജാക്കാട്-അധികചുമതല) | 01.04.2018 മുതൽ 27.07.2018 വരെ |
| ശ്രീമതി. സിസിലി കുരുവിള | 28.07.2018 മുതൽ 31.03.2019 വരെ |
| **പട്ടികജാതി വികസന ഓഫീസർ-നെടുങ്കണ്ടം** | |
| ശ്രീ. പി.ബി.ബാബു | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| I | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | വാടക കുടിശ്ശിക – പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്നു. | 1-12 |
| 13 | ഡയാലിസിസിന് ധനസഹായം - അനുവദനീയമല്ലാത്ത പദ്ധതി നടപ്പാക്കി-ചെലവ് തടസ്സം | 1-13 |
| 14 | ഗ്രാമപഞ്ചായത്തുകളുടെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റില്ലാതെ ഉപകരണങ്ങൾ വാങ്ങി നൽകി | 1-14 |
| 15 | സ്പിൽ-ഓവർ പ്രവൃത്തികൾ നടപ്പുവർഷത്തിലും പൂർത്തീകരിക്കാനായിട്ടില്ല. | 1-15 |
| 16 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-16 |
| 17 | സർവ്വീസ് ചാർജ്ജ് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-17 |
| 18 | പൊതുമരാമത്ത് പ്രവൃത്തികൾ ലക്ഷ്യം കൈവരിക്കുന്നില്ല. | 1-18 |
| | **ഭാഗം 2-വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | | |
| III | **ഭാഗം 3-ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന** | |

| | | |
|---|---|---|
| | ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| IV | ഭാഗം 4-പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 19 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 20 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 21 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 23 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 24 | സ്ഥിര നിക്ഷേപം | 4-6 |
| 25 | ഓഡിറ്റ് റിക്കവറി | 4-7 |
| 26 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 27 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| V | അനുബന്ധം | |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 31 | വരവ്-ചെലവ് സംക്ഷിപ്തം | അനുബന്ധം-2 |



# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

08.03.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ യോഗത്തിൽ അവതരിപ്പിച്ച 2018-19 ലെ ബജറ്റ് 22.03.2018 ലെ പ്രത്യേക ബജറ്റ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടി. എന്നാൽ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ ബജറ്റ് തയ്യാറാക്കുന്നതിൽ പൂർണമായും പാലിച്ചിട്ടില്ല.

സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15ന മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേററും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. എന്നാൽ, മേൽ നടപടിക്രമം പാലിച്ചല്ല 2018-19 ലെ ബജറ്റ് തയ്യാറാക്കിയത്. നിർവ്വഹണ ഉദ്യോഗസ്ഥരും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളും ബജറ്റ് നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച ബജറ്റ് ജനറൽ കമ്മറ്റി മാറ്റങ്ങൾ കൂടാതെ അംഗീകരിച്ചിട്ടുണ്ട്.

ഗ്രാമീണ തൊഴിൽ പരിശീലന കേന്ദ്രം, ആട്ടുഗ്രാമം പദ്ധതി (20 ലക്ഷം), സിറ്റിസൺ ഇൻഫർമേഷൻ സെന്റർ, വയോജന ക്ലബ് (20 ലക്ഷം) എന്നിവയാണ് ബജറ്റിൽ വിഭാവനം ചെയ്ത പ്രധാന പദ്ധതികൾ. എന്നാൽ, ഗ്രാമീണ തൊഴിൽ പരിശീലന കേന്ദ്രത്തിനും സിറ്റിസൺ ഇൻഫർമേഷൻ കേന്ദ്രത്തിനും 2018-19 പദ്ധതിയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല. ബജറ്റിൽ വിഭാവനം ചെയ്യുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബജറ്റിൽ തൊഴിലുറപ്പ് ലേബർ ബജറ്റ് (110 കോടി), രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി (2.2 കോടി), സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (4.4 കോടി), നബാർഡ് (3.3 കോടി), മറ്റ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നുമുള്ള നിക്ഷേപ വരവുകൾ (44 ലക്ഷം), ഹാഡ (4.4 കോടി), പി.എം.കെ.എസ്.വൈ (2.2 കോടി) എന്നിവയുൾപ്പടെ 140.64 കോടി രൂപ വരവും 141.11 കോടി രൂപ ചെലവും തൻവർഷം പ്രതീക്ഷിക്കുന്നു. എന്നാൽ, വർഷങ്ങളായി തൊഴിലുറപ്പ് ലേബർ ബജറ്റിന് ഒഴികെയുള്ള ഇനങ്ങൾക്ക് തുക ബജറ്റിൽ വകയിരുത്തുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ തുക ലഭിക്കുന്നില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള യഥാർത്ഥ വരവ് 9.01 കോടി രൂപയാണ്. വിവിധ സ്ഥാപനങ്ങളിൽ

നിന്നുമുള്ള ഗ്രാന്റുകൾ ലഭിക്കുമെന്ന് ഉറപ്പില്ലെങ്കിൽ ബജറ്റ് പുതുക്കേണ്ടതാണ്. കമ്മിറ്റി അംഗീകരിച്ച ബജറ്റ് പ്രകാരമുള്ള വരവ് – ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 5500000.00 |
| വരവ് | 1406419000.00 |
| ചെലവ് | 1408054000.00 |
| നീക്കിയിരിപ്പ് | 3865000.00 |

ബജറ്റിലെ പ്രതീക്ഷിത വരവ്- ചെലവുകളും വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ്-ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. അതിൽ ചില ഇനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം | ഇനം | ബജറ്റ് പ്രകാരം (തുക ലക്ഷത്തിൽ) | വാർഷിക കണക്കുകൾ പ്രകാരം (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | വാടക | 2.20 | 2.37 |
| 2 | പലിശ | 8.8 | 0.77 |
| 3 | ഹോണറേറിയവും ബത്തകളും | 32.00 | 14.52 |
| 4 | യാത്രാബത്ത-മെമ്പർമാർ | 8.00 | 0.27 |
| 5 | വേതനം | 3.0 | 3.14 |
| 6 | യാത്രാ ചെലവുകൾ | 0.74 | 0.12 |
| 7 | പെട്രോൾ/ഡീസൽ | 6.00 | 4.80 |

പഞ്ചായത്തിന് വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കുവാൻ സാധ്യതയുള്ള വരവുകൾ വാസ്തവികമായിരിക്കേണ്ടതാണ്. കൂടാതെ, ബജറ്റിൽ വിഭാവനം ചെയ്ത വരവിലോ ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാലോ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, ബ്ലോക്ക് പഞ്ചായത്ത് 2018-19 ൽ റിവൈസ്ഡ് പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പുതുക്കിയ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 16.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 38596196 |
| വരവ് | 90313937 |
| ആകെ | 128910133 |
| ചെലവ് | 107834712 |
| നീക്കിയിരിപ്പ് | 21075421 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 52755000 | 52755000 | 48372328 | 4382672 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9551000 | 9551000 | 8054961 | 1496039 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1426000 | 1426000 | 1426000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6245000 | 6245000 | 5033302 | 1211698 |
| ഐ.എ.വൈ-ജനറൽ | 29230094 | 2080447 | 31310541 | 23585570 | 7724971 |
| ഐ.എ.വൈ-എസ്.സി.പി | 11926772 | 18345509 | 30272281 | 19553431 | 10718850 |
| ഐ.എ.വൈ-ടി.എസ്.പി | 1588000 | 58000 | 1646000 | 1646000 | 0 |
| എസ്.എച്ച്.എം | 848129 | 0 | 848129 | 553669 | 294460 |
| എൻ.ആർ.എച്ച്.എം | 242707 | 8941 | 251648 | 0 | 251648 |
| മറ്റ് ഗവ. ഏജൻസികൾ | 5208631 | 1143728 | 6352359 | 6279645 | 72714 |
| നബാർഡ് | 2394 | 0 | 2394 | 0 | 2394 |
| ജില്ല പഞ്ചായത്ത് | 91000 | 0 | 91000 | 91000 | 0 |
| ഐ.ഡബ്ല്യൂ.എം.പി | 0 | 27000 | 27000 | 27000 | 0 |
| പൊതു ഉദ്ദേശ്യ ഗ്രാന്റ് | 0 | 4012000 | 4012000 | 401200 | 0 |
| ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ | | | | | |
| എസ്.ബി.ടി-തനത് | 1833406 | 848467 | 2681873 | 1126297 | 1555576 |
| ഐ.എ.വൈ-ലോൺ | 20387 | 0 | 20387 | 0 | 20387 |
| ട്രഷറി-ടി.എസ്ബി | 2715756 | 6517906 | 9233662 | 9183126 | 50536 |
| യു.ബി.ഐ-ഹാഡ | 70091 | 1143728 | 1213819 | 1141105 | 72714 |
| യു.ബി.ഐ-സെൻസസ് | 41689 | 1478 | 43167 | 0 | 43167 |
| യു.ബി.ഐ-ഐ.ഡബ്ല്യ.എം.പി | 56669 | 28245 | 84914 | 81146 | 3768 |
| ടി.എസ്ബി-ഹാഡ | 848129 | 0 | 848129 | 553669 | 294460 |
| എസ്.ബി.ടി-ടി.എ | 1323 | 48 | 1371 | 0 | 1371 |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ടി-നബാർഡ് | 60656 | 0 | 60656 | 1298 | 59358 |
| യു.ബി.ഐ-ഐ.എ.വൈ സെൻട്രൽ | 19 | 17 | 36 | | 36 |
| യു.ബി.ഐ-ഐ.എ.വൈ പ്ലാൻ | 32429074 | 23430658 | 55859732 | 37415911 | 18443821 |
| യു.ബി.ഐ-ജനകീയാസൂത്രണം | 252107 | 8941 | 261048 | 0 | 261048 |
| യു.ബി.ഐ-ഉടർ വിദ്യാഭ്യാസം | 22137 | 785 | 22922 | 0 | 22922 |
| യു.ബി.ഐ-ഇടുക്കി പാക്കേജ് | 174421 | 6185 | 180606 | 0 | 180606 |
| യു.ബി.ഐ-ഐ.എ.വൈ അഡ്മിൻ | 37669 | 156611 | 194280 | 162450 | 31830 |
| യു.ബി.ഐ-ഐ.എ.വൈ ടി.എസ്.സി | 32663 | 1158 | 33821 | 0 | 33821 |

ട്രഷറി/ബാങ്ക് പത്രികകളുമായി വർഷാന്ത്യ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടില്ലാത്തിനാൽ എസ്.ബി.ടി തനത് ഫണ്ട്, ട്രഷറി-പൊതു ഉദ്ദേശ്യ ഗ്രാന്റ് എന്നിവയുടെ നീക്കിയിരിപ്പ് വ്യക്തമല്ല.

## 1-5 പദ്ധതി അവലോകനം

2018-19 ൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 124 | 94408841 | 95 | 65386609 | - | 29 | 76.61 |

2018-19 വാർഷിക പദ്ധതി ആസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 07.02.2018 |
| ഗ്രാമസഭാ യോഗങ്ങൾ | 19.03.2018 |
| വികസന സെമിനാർ | 24.03.2018 |
| സ്റ്റാന്റിംഗ് കമ്മറ്റികളുടെ അംഗീകാരം | 24.03.2018 |
| ഭരണസമതിയുടെ പദ്ധതി അംഗീകാരം | 26.03.2018 |
| ഡി.പി.സി അംഗീകാരം | 58/18/ഡിപിസി/ഡിപിഒ/തീയതി.23.3.2019 (ഭേദഗതിയുൾപ്പെടുയുള്ള അന്തിമപദ്ധതി) |

### ആസൂത്രണ സമിതി

2018-19 പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമതി യോഗം കൂടിയതിന്റെ വിശദാംശങ്ങളില്ല.

### സ്റ്റാറ്റസ് റിപ്പോർട്ട്

പതിമൂന്നാം പദ്ധതിയുടെ ആദ്യവർഷം തയ്യാറാക്കിയ അവസ്ഥാ റിപ്പോർട്ട് 2017-18 പദ്ധതിയുടെ വിശദാംശങ്ങൾ ചേർത്ത് പുതുക്കിയിട്ടില്ല.

## വർക്കിംഗ് ഗ്രൂപ്പുകൾ

2018-19 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പുകൾ ഒരു തവണ മാത്രമാണ് (07.02.2018) ചേർന്നിട്ടുള്ളത്. കരട് പ്രോജക്ട് നിർദേശങ്ങൾ സമർപ്പിച്ചിട്ടുള്ളതല്ലാതെ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

## ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭ

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ ഗ്രാമസഭ യോഗം ഒരിക്കൽ മാത്രമാണ് ചേർന്നിട്ടുള്ളത്. ഗ്രാമസഭാ നിർദേശിച്ച മുൻഗണനാക്രമം അനുസരിച്ചല്ല പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുള്ളത്.

## പദ്ധതി ഭേദഗതി

2018-19 അംഗീകാരം ലഭിച്ച നിരവധി പ്രോജക്ടുകൾ വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കുകയോ ഭേദഗതി ചെയ്യുകയോ ചെയ്തിട്ടുണ്ട്. കൂടാതെ, പുതിയ പ്രോജക്ടുകൾ എറ്റെടുത്തിട്ടുണ്ട്. എന്നാൽ, ഗ്രാമസഭയിൽ അവതരിപ്പിച്ച് പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടില്ല. കരട് പദ്ധതി രേഖയിലും അന്തിമ പദ്ധതി രേഖയിലും ഉൾപ്പെടാത്തതും ഗ്രാമസഭയിലും വികസന സെമിനാറിലും നിർദ്ദേശിക്കാത്തതുമായ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്. തേർഡ് ക്യാമ്പ് ഭാഗം കുളം, മഞ്ഞക്കുഴി എസ്റ്റേറ്റ് മുത്തൻഭാഗം ജലസേചന കുളം, കുരുവിക്കാനം തോട് ചെക്ക് ഡാം, വിവിധ റോഡ് പ്രോജക്ടുകൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്. വ്യക്തമായ കാരണങ്ങളോടെ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതികളുടെ നിർവ്വഹണത്തിന് ആവശ്യമായ ഫീസിബിലിറ്റി സർട്ടിഫിക്കറ്റുകൾ യഥാസമയം നേടിയെടുക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## പദ്ധതി നിർവ്വഹണം

2018-19 വാർഷിക പദ്ധതിയിൽ 37സ്പിൽ ഓവർ പ്രോജക്ടുകളും (അടങ്കൽ-₹ 22818883/-) 87 പുതിയ പ്രോജക്ടുകളുമാണ് (അടങ്കൽ-₹ 71589958/-). അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 28 സ്പിൽ ഓവർ പ്രോജക്ടുകളിലായി ₹16289505/-യും 67 പുതിയ പ്രോജക്ടുകളിലായി ₹49097104/-യും ചെലവഴിച്ചു. ആകെ പദ്ധതി അടങ്കലിന്റെ അകെ 69ശതമാനം തുക മാത്രമേ ചെലവഴിച്ചിട്ടുള്ളു. 2018-19 ലെ സ്പിൽ ഓവർ പ്രോജക്ടുകളിൽ 9 എണ്ണം നടപ്പാക്കിയില്ല. വിവിധ വിഭവസ്രോതസുകളും അവയുടെ ചെലവിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വിഭവ സ്രോതസ് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 64865022 | 48372328 |
| വികസന ഫണ്ട്-പട്ടികജാതി പദ്ധതി | 11020161 | 8054961 |
| വികസന ഫണ്ട്-പട്ടികവർഗ്ഗ ഉപപദ്ധതി | 2161700 | 1426000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2120000 | 0 |
| തനത് ഫണ്ട് | 2126793 | 1226768 |
| മറ്റ് ഗ്രാമപഞ്ചായത്ത് | 1100000 | 1100000 |
| റോഡിതര സംരക്ഷണ ഗ്രാന്റ് | 10065000 | 5033302 |
| മറ്റുള്ളവ | 950165 | 173250 |
| **ആകെ** | 94408841 | 65386609 |

## ഉല്പാദന മേഖല

* ഉല്പാദന മേഖലയിൽ ആവിഷ്കരിച്ച പ്രോജക്ടുകളിൽ 77 ശതമാനം നടപ്പാക്കിയെങ്കിലും 58 ശതമാനം തുക മാത്രം ചെലവഴിച്ചിട്ടുള്ളു.

* വനിത ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം, കുഴിക്കണ്ടം കാർഷിക വിപണന കേന്ദ്രം, മാങ്ങാത്തൊട്ടി വനിത കാർഷിക മാർക്കറ്റ് നെടുങ്കണ്ടം കർഷക ഓപ്പൺ മാർക്കറ്റ്, കള്ളിമാലി കർഷക വിപണന കേന്ദ്രം, ഇുക്കുപാലം കർഷക മാർക്കറ്റ്, തേർഡ ക്യാമ്പ് ഭാഗം കുളം, മഞ്ഞക്കുഴി എസ്റ്റേറ്റ് മുത്തൻ ഭാഗം ജലസേചനകുളം, വാക്കാസിറ്റി ഭാഗം കുളം, തരിശു ഗ്രാമം പദ്ധതി എന്നിവയാണ് പൂർത്തീകരിച്ച പ്രധാന പ്രോജക്ടുകൾ. കർഷക മാർക്കറ്റുകൾ പൂർത്തീകരിച്ചെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല. ജലസേചനകുളങ്ങൾ നിർമ്മിച്ചതല്ലാതെ തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

* ഗോട്ട് ബ്രീഡിംഗ് യൂണിറ്റുകൾക്ക് 12 ലക്ഷം വകയിരുത്തിയതിൽ 1 ലക്ഷവും പുരുഷഗ്രൂപ്പുകളുടെ സഹായത്തോടെ തരിശുരഹിത ഗ്രാമം പദ്ധതിക്കായി 9 ലക്ഷം വകയിരുത്തിയതിൽ 1.92 ലക്ഷവും മാത്രമേ ചെലവഴിച്ചിട്ടുള്ളു.

* കാർഷിക മേഖലയിൽ 63 ശതമാനവും മൃഗസംരക്ഷണ മേഖലയിൽ 8 ശതമാനവും മാത്രമാണ് പദ്ധതി ചെലവ്

## സേവന മേഖല

* സേവന മേഖലയിൽ ആവിഷ്കരിച്ച 54 പ്രോജക്ടുകളിൽ 36 എണ്ണം നടപ്പാക്കി (66 ശതമാനം).

* ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്, സെക്കണ്ടറി പാലിയേറ്റീവ് കെയർ, ടൊയ് ലെറ്റ് കോംപ്ലക്സുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനുള്ള സഹായം എന്നിവയാണ് നടപ്പാക്കിയ പ്രധാന പദ്ധതികൾ.

* മഞ്ഞക്കുഴി എസ്.ടി സാമൂഹിക വിപണനകേന്ദ്രം പൂർത്തീകരണത്തിന് 7.13 ലക്ഷം വകയിരുത്തിയെങ്കിലും പ്രോജക്ട് പൂർത്തീകരിച്ചില്ല.

## പശ്ചാത്തല മേഖല

* പശ്ചാത്തല മേഖലയിൽ ആവിഷ്കരിച്ച 88 ശതമാനം പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്.

* വിവിധ റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ് പ്രവർത്തികളാണ് പ്രധാനമായും നടപ്പാക്കിയിട്ടുള്ളത്.

* ബ്ലോക്ക് പഞ്ചായത്ത് പഴയ കെട്ടിടം നവീകരണത്തിനായി 10 ലക്ഷം രൂപ വകയിരുത്തിയതിൽ കേവലം 0.77 ലക്ഷം രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു. ഓഫീസ് നവീകരണം നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

* കൂട്ടാർ എസ്.സി കാർഷിക വിപണന കേന്ദ്രത്തിനായി 17.40 ലക്ഷം വകയിരുത്തിയെങ്കിലും പ്രോജക്ട് നടപ്പാക്കിയില്ല.

* ബ്ലോക്ക് പഞ്ചായത്തുകൾ കുറഞ്ഞത് 5 ലക്ഷം രൂപ അടങ്കൽ തുകയയുള്ള പ്രോജക്ടുകളാണ് ഏറ്റെടുക്കേണ്ടത്. എന്നാൽ, നിർമ്മാണ പ്രോജക്ടുകളിൽ ഭൂരിഭാഗവും 5 ലക്ഷത്തിൽ താഴെ എസ്റ്റിമേറ്റുള്ളതാണ്.

* 2018-19 ൽ ലഭിച്ച പട്ടിക വർഗ്ഗ വികസന ഫണ്ട് മുഴുവൻ ചെലവഴിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

* 2018-19 ൽ ലഭിച്ച പൊതു വിഭാഗം വികസന ഫണ്ടിൽ 91 ശതമാനവും പട്ടികജാതി വികസനഫണ്ടിൽ 84 ശതമാനവും റോഡിതര സംരക്ഷണ ഗ്രാന്റിൽ 80 ശതമാനവും തുക ചെലവഴിച്ചിട്ടുണ്ട്. ഭാവിയിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ട് മുഴുവൻ ചെലവഴിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം.

## പ്രത്യേക വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച പ്രോജക്ടുകൾ

* പ്രത്യേക വിഭാഗങ്ങൾക്കായി ആവിഷ്കരിച്ച 25 പ്രോജക്ടുകളിൽ 19 എണ്ണം നടപ്പാക്കിയിട്ടുണ്ട്. കുട്ടികൾക്കായി ആവിഷ്കരിച്ച 5 പ്രോജക്ടുകളും വൃദ്ധർക്കായി ആവിഷ്കരിച്ച ഒരു പ്രോജക്ടും ഭിന്ന ശേഷിക്കാർക്കായി ആവിഷ്കരിച്ച 2 പ്രോജക്ടുകളും പാലിയേറ്റീവ് കെയറിന് ആവിഷ്കരിച്ച 2 പ്ലോജക്ടുകളും യുവജന വികസനത്തിനായി ആവിഷ്കരിച്ച പ്രോജക്ടും നടപ്പാക്കിയിട്ടുണ്ട്.

* വനിത ഘടക പദ്ധതിയിൽ 14 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 8 എണ്ണം മാത്രമാണ് നടപ്പാക്കിയത്. അടങ്കൽ തുകയുടെ 46 ശതമാനം മാത്രമാണ് ചെലവഴിച്ചത്.

* വൃദ്ധർക്കായി നീക്കിവച്ച തുകയിൽ 27 ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ.

പദ്ധതി മോണിറ്ററിംഗ്

വാർഷിക പദ്ധതിയുടെ മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ, 2018-19 സാമ്പത്തിക വർഷം വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് യോഗമല്ലാതെ നിർവ്വഹണ പുരോഗതി വിലയിരുത്തി ഉചിത നിർദേശങ്ങൾ നൽകുന്നതിനും യഥാസമയം മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും യോഗങ്ങൾ ചേർന്നിട്ടില്ല.

സർക്കാർ പുറപ്പെടുവിക്കുന്ന നിർദേശങ്ങൾക്ക് അനുസൃതമായി പദ്ധതി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

# 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2019ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് നീക്കിയിരിപ്പ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ സിറ്റിസൺ ഇൻഫർമേഷൻ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. വിവിധ വരവുകളും ചെലവുകളും കൃത്യമായ ഹെഡുകളിൽ അക്കൗണ്ട് ചെയ്യുന്നില്ല. ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷ വാടക വരവ് ₹194570/- ആണ് എന്നാൽ, വാർഷിക കണക്കുകളിൽ തൻവർഷ വരവ് ₹156675/-യാണ്. ₹37895/-കുടിശിക വരവായാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. ഫോട്ടോസ്റ്റാറ്റ് എടുത്ത് കൊടുക്കുന്നതിന് ലഭിക്കുന്ന തുകകൾ മറ്റ് രസീതുകൾക്ക് പകരം റവന്യൂ ഗ്രാന്റായിട്ടാണ് (160100799) അക്കൗണ്ട് ചെയ്തിട്ടുള്ളത്. 160100799, 320300199 ഹെഡുകളിൽ ബുക്ക് ചെയ്തിരിക്കുന്ന വിവിധ രസീതുകളുടെ സ്രോതസുകളും തുകകളും നിക്ഷേപിച്ചിരിക്കുന്നത് വ്യക്തമല്ല.

തനത് ഫണ്ടിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയുടെ കൂലിച്ചെലവ്, യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി നൽകിയ തുകകൾ മുൻകൂറായി ബുക്ക് ചെയ്യുന്നതിന് പകരം മറ്റ് ഭരണചെലവുകൾ (220800199) ഹെഡിലാണ് ബുക്ക് ചെയ്തിട്ടുള്ളത്. 2018-19 വർഷം തനത് ഫണ്ടിൽ നിന്നും ₹ 1184307/- മുൻകൂറായി നൽകിയതിൽ ₹ 124559/- മാത്രമാണ് മുൻകൂറായി അക്കൗണ്ട് ചെയ്തിട്ടുള്ളത്. 2018-19 വർഷാവസാനം ₹814816/- തിരികെ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൗണ്ട് ചെയ്യേണ്ടതാണ്. മറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്ന തുകകൾക്ക് ഔദ്യോഗിക രസീത് വാങ്ങേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഓഫീസ് ഉത്തരവുകൾ മുഖേന ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ മോണിറ്ററിംഗ് നടത്തേണ്ടതാണ്.

ബജറ്റ് കുറ്റമറ്റതായും വാസ്തവികമായും വസ്തുനിഷ്ഠവുമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമതിയും ശ്രമിക്കേണ്ടതാണ്. ബജറ്റ് പരിധിയിൽ നിന്ന് ചെലവ് ചെയ്യുന്നതിനും അധികരിച്ചാൽ പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുമാണ്. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ആവശ്യമായിവരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. ഇത് മൂലം കാണാതായ വൗച്ചർ, റദ്ദ് ചെയ്ത വൗച്ചർ എന്നിവയുടെ വിവരം പ്രത്യക്ഷത്തിൽ ശ്രദ്ധയിൽപ്പെടുന്നില്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി, ധനകാര്യ സ്റ്റാന്റിംഗ്കമ്മറ്റി, ക്ഷേമകാര്യ സ്റ്റാന്റംഗ് കമ്മറ്റി എന്നിവ 24.3.2018 ന് 2018-19 പദ്ധതിക്കുള്ള പ്രോജക്ടുകൾ ജനറൽ കമ്മറ്റിയുടെ പരിഗണനയ്ക്കായി ശുപാർശ ചെയ്തിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തുന്നതിലും അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ എല്ലാ മാസവും പൊരുത്തപ്പെടുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.11.2018 മുതൽ 16.11.2018 വരെ | 2017-18 | 22.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.3.2015 മുതൽ 19.3.2015 & 16.4.2015 മുതൽ18.4.2015 വരെ | 2009-10 മുതൽ 2013-14 | 19.06.2015 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1) വാടകയിനത്തിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ധനകാര്യ പത്രികയും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) ലോൺ - ബാലൻസ് തുകകൾ ധനകാര്യ പത്രികയും രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

3) തനത്ഫണ്ട് ബാലൻസ് തുക ധനകാര്യ പത്രികയിലെ തുകയും ബാങ്ക് പാസ് ബുക്കിലെ തുകയുമായി ബ പൊരുത്തപ്പെടുത്തിയിട്ടില്ല.

4) ആർ.പി.-40(ബി) ഷെഡ്യൂൾ പ്രകാരം എസ്.ബി.റ്റി. തനത് ഫണ്ടിലുള്ള ₹1555576/-യുടെ വിശദാംശങ്ങൾ ലഭ്യമല്ല.

5) ബി-11 ഷെഡ്യൂൾ പ്രകാരമുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയിരിക്കുന്നതിന്റെ ആധികാരികത പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-12 വാടക കുടിശ്ശിക-പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്നു

2018-19 വർഷത്തിൽ വാടകയിനത്തിൽ ₹46750/- പിരിഞ്ഞുകിട്ടുവാൻ അവശേഷിക്കുന്നു. വാടകക്കാരുമായി കരാർ ഉടമ്പടി നിലവിലുള്ളതിനാൽ തുക പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശികയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടക്കാരൻ | പ്രതിമാസ വാടക | ആകെ കുടിശ്ശിക |
|---|---|---|---|
| 1 | കൈരളി എസ്.എച്ച്.ജി -കിഴക്കേക്കവല എസ്.ജി.എസ്.വൈ കെട്ടിടം | 750 | 3000 |
| 2 | പ്രസ് ക്ലബ്ബ്-കിഴക്കേക്കവല എസ്.ജി.എസ്.വൈ കെട്ടിടം | 1500 | 1500 |
| | | | |

| | | | |
|---|---|---|---|
| 3 | നവദീപം എസ്.എച്ച്.ജി -പടിഞ്ഞാറേക്കവല എസ്.ജി.എസ്.വൈ കെട്ടിടം | 750 | 750 |
| 4 | പ്രതിഭ എസ്.എച്ച്.ജി -പടിഞ്ഞാറേക്കവല എസ്.ജി.എസ്.വൈ കെട്ടിടം | 750 | 9000 |
| 5 | ഉദയം എസ്.എച്ച്.ജി -രാജക്കാട് എസ്.ജി.എസ്.വൈ കെട്ടിടം | 375 | 3750 |
| 6 | ഉദയം എസ്.എച്ച്.ജി -രാജക്കാട് എസ്.ജി.എസ്.വൈ കെട്ടിടം | 375 | 3750 |
| 7 | മഹാത്മാ ജനശ്രീ സംഘം രാജക്കാട് എസ്.ജി.എസ്.വൈ കെട്ടിടം | 375 | 3750 |
| 8 | മഹാത്മാ ജനശ്രീ സംഘം രാജക്കാട് എസ്.ജി.എസ്.വൈ കെട്ടിടം | 375 | 3750 |
| 9 | ഐശ്വര്യ എസ് എച്ച് ജി-രാജകുമാരി എസ്.ജി.എസ്.വൈ കെട്ടിടം | 375 | 4500 |
| 10 | നവചൈതന്യ ജെ.എൽ.ജി മുണ്ടിയെരുമ ,ഷോപ്പിംഗ് കോംപ്ളക്സ് | 1000 | 9000 |
| 11 | ഉഷസ് ജെ.എൽ.ജി മുണ്ടിയെരുമ ,ഷോപ്പിംഗ് കോംപ്ളക്സ് | 1000 | 2000 |
| 12 | ധനശ്രീ ജെ.എൽ.ജി മുണ്ടിയെരുമ ,ഷോപ്പിംഗ് കോംപ്ളക്സ് | 1000 | 2000 |
| | | ആകെ | 46750 |

കുടിശിക തുക അടിയന്തിരമായി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 1-13 ഡയാലിസിസിന് ധനസഹായം - അനുവദനീയമല്ലാത്ത പദ്ധതി നടപ്പാക്കി

പാമ്പാടുംപാറ പി എച്ച് സി മെഡിക്കൽ ഓഫീസർ പ്രോജക്ട് നമ്പർ 35/19ആയി നടപ്പാക്കിയ പദ്ധതിയിൽ ഡയാലിസിസിന് വിധേയരായ മുപ്പതോളം വൃക്ക രോഗികൾക്കായി 15 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. ബിൽ നമ്പർ 2/27.9.2018 ₹ 403000/- ബിൽ നമ്പർ 15/22.12.2018 ₹175000/-, ബിൽ നമ്പർ 16/28.1.2019 ₹ 411762/-, ബിൽ നമ്പർ 25/22.3.2019 ₹ 510238/- എന്നിവ പ്രകാരമാണ് 15 ലക്ഷം രൂപ ചെലവഴിച്ചത്. 29.03.2017 ലെ ജി .ഒ (എം.എസ്) നം.72/2017/തസ്വഭവ പ്രകാരം 2017-2018 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗരേഖയിൽ സർക്കാർ ആശുപത്രികളിലെ ഡയാലിസിസ് കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കാമായിരുന്നു. എന്നാൽ 2018-2019 വർഷത്തേക്ക് ബാധകമായ 29.01.2018 ലെ ജി .ഒ (എം.എസ്) നം.11/2018/ തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗരേഖയിൽ ഇപ്രകാരമുള്ള പദ്ധതി ഏറ്റെടുക്കുവാൻ അനുവദിക്കപ്പെട്ടിട്ടില്ല. സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള വൃക്കരോഗികൾ ധാരാളമായുള്ള പ്രദേശമാണെന്നും മുൻവർഷം നടപ്പാക്കിയ പദ്ധതി തുടരുകയാണ് ചെയ്തതെന്നും പഞ്ചായത്ത് അധികൃതർ അറിയിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്തതും പദ്ധതിമാർഗരേഖയിൽ നിർദേശിച്ചിട്ടില്ലാത്തതുമായ പദ്ധതി ഏറ്റെടുക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുവാദം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിൽ 1500000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സർക്കാരിൽ നിന്നും ചെലവ് അനുമതി വാങ്ങി തടസ്സം ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ഗ്രാമപഞ്ചായത്തുകളുടെ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റില്ലാതെ ഉപകരണങ്ങൾ വാങ്ങി നൽകി

ശിശുവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 ൽ നടപ്പാക്കിയ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് മെഡിക്കൽ ക്യാമ്പ്,

ഉപകരണങ്ങൾ നൽകൽ (74/2019) പ്രോജക്ട് പ്രകാരം നെടുങ്കണ്ടം, രാജകുമാരി എന്നീ സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പ് നടത്തി 74 കുട്ടികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ ബോർഡിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ടിനായി മെഡിക്കൽ ക്യാമ്പിന് ബിൽ നം. 1/2018-19 തി. 29.12.2018 പ്രകാരം ₹38650/-യും ഉപകരണങ്ങൾ വാങ്ങുന്നതിന് ബിൽ നം. 2/2018-19 തി. 19.03.2019 പ്രകാരം ₹659075/-യും ചെലവഴിച്ചിട്ടുണ്ട്. 14.02.2018ലെ സ.ഉ(സാധാ)22/2018/ത.സ്വ.ഭ.വ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.4.2 പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഉപകരണങ്ങൾ വാങ്ങി ഭിന്നശേഷിക്കാർക്ക് നൽകാവുന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ തയ്യാറാക്കി നൽകിയവയായിരിക്കേണ്ടതാണ്. എന്നാൽ, മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത കുട്ടികളിൽ ഉപകരണങ്ങൾ ആവശ്യമുള്ളവരുടെ ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിരിക്കുന്നത്. പ്രോജക്ടിനായി ഗ്രാമപഞ്ചായത്തുകളിൽ വ്യാപക പ്രചാരം നടത്തിയതിന്റെ വിവരം ഫയലിലില്ല. അതിനാൽ, അർഹരായ എല്ലാ ഗുണഭോക്താക്കളും ക്യാമ്പുകളിൽ പങ്കെടുത്തുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല. ഗ്രാമപഞ്ചായത്തുകളിൽ നിന്നുമുള്ള അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തുകയാണെങ്കിൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കളും ക്യാമ്പിൽ പങ്കെടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ശ്രദ്ധിക്കുവാൻസാധിക്കും. 2018-19 വർഷത്തിൽ ആനുകൂല്യം നൽകിയ കുട്ടികളുടെ ലിസ്റ്റ് അതത് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. സർക്കാർ നിർദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾ നടപ്പാക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 സ്പിൽ-ഓവർ പ്രവൃത്തികൾ നടപ്പുവർഷത്തിലും പൂർത്തീകരിക്കാനായിട്ടില്ല.

2017-18-ൽ സ്പിൽ-ഓവറായ പ്രവൃത്തികൾ നടപ്പുവർഷത്തിലും പൂർത്തീകരിക്കാനായിട്ടില്ല. നടപ്പിലാക്കുവാൻ സാധിക്കാത്ത പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതുമൂലം പൊതുപ്പണം സമൂഹനന്മയ്ക്കായി പ്രയോജനപ്പെടുത്താൻ സാധിക്കാതെ വരുന്നു. 2018-19-ലും നടപ്പിലാക്കുവാൻ സാധിക്കാത്ത സ്പിൽ-ഓവർ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പേര് | അടങ്കൽ |
|---|---|---|
| 83 | കള്ളിമാലി ടോയ് ലറ്റ് കോംപ്ളക്സ് | 378888 |
| 91 | മഞ്ചനമെട്ട് ടോയ് ലറ്റ് കോംപ്ളക്സ് | 200000 |
| 92 | രാമക്കൽമെട്ട് ടോയ് ലറ്റ് കോംപ്ളക്സ് | 400000 |
| 93 | ഭൂതാളപ്പാറ ടോയ് ലറ്റ് കോംപ്ളക്സ് | 400000 |
| 94 | പോത്തിൻകണ്ടം ടോയ് ലറ്റ് കോംപ്ളക്സ് | 400000 |
| 101 | കൂട്ടാർ കലുങ്ക് | 500000 |

## 1-16 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പദ്ധതിയിൽ പഠനമുറി നിർമ്മിച്ചു നൽകുന്നതിനായി 7 ഗുണഭോക്താക്കളെ തിരഞ്ഞെടുത്തുവെങ്കിലും അഞ്ജലി അജിമോൻ എന്ന ഗുണഭോക്താവുമാത്രം ആദ്യഗഡുവായ 50000/-രൂപ മാത്രമാണ് വാങ്ങിയിട്ടുള്ളത്. ടിയാൻ നാളിതുവരെ പഠനമുറി പൂർത്തീകരിച്ചിട്ടില്ല. പഠനമുറി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്. പഠനനമുറി പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-17 സർവ്വീസ് ചാർജ് ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

2016-17-ൽ സർവ്വീസ് ചാർജ് ഇനത്തിൽ സമാഹരിച്ച ₹761546/-ൽ ₹392259/- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിരുന്നു. അവശേഷിക്കുന്ന തുകയായ ₹369287/- 14/08/2019-ൽ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. സർവ്വീസ് ചാർജ് ഇനത്തിൽ സമാഹരിച്ച ₹761546/-യും ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേയ്ക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്.

## 1-18 പൊതുമരാമത്ത് പ്രവൃത്തികൾ ലക്ഷ്യം കൈവരിക്കുന്നില്ല.

2018-19 വർഷം നടപ്പിലാക്കിയ പല പൊതുമരാമത്ത് പ്രവൃത്തികളും ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പരിശോധന നടത്തിയ പദ്ധതി | അടങ്കൽ | ബിൽ നം./ തുക | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|---|
| 100/19, കള്ളിമാലി കാർഷിക വിപണനകേന്ദ്രം | 500000 | 64/26-3-19 ₹487428/- | നിലവിൽ പണികഴിപ്പിച്ച കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നില്ല. കെട്ടിടത്തിന്റെ പിൻഭാഗത്തായി ധാരാളം മണ്ണിടിഞ്ഞ് കിടക്കുന്നു. സമീപത്തായി ഒരു വന്മരം കെട്ടിടത്തിന് ഭീഷണിഉയർത്തി നിൽക്കുന്നു |
| 46/19, പഴയവിട്ടതി കമ്മ്യൂണിറ്റി ഹാൾ | 479961 | 46/28-11-18 ₹479931/- | എട്ട് പില്ലറുകളിലായി ഒരു മേല്ക്കൂര മാത്രം. തറ ഇടുകയോ ഭിത്തി കെട്ടുകയോ ചെയ്തിട്ടില്ല. നിലവിൽ പ്രയോജനരഹിതം |
| 136/19, മഞ്ഞക്കുഴി എസ്റ്റേറ്റ് മുത്തേൻ ഭാഗം ജലസേചനക്കുളം | 833500 | 61/29-3-19 ₹833006 | ഏലത്തോട്ടങ്ങൾക്ക് നടുവിലായി ഒരു കുളം. കുളത്തിനുള്ള സ്ഥലം സറണ്ടർ ചെയ്തിട്ടുണ്ടെങ്കിലും സ്ഥലം സെക്രട്ടറിയുടെ പേരിലാക്കി പോക്കുവരവ് ചെയ്തിട്ടില്ല. കുളത്തിലേക്ക് പ്രവേശിക്കുവാനുള്ള വഴിയ്ക്കുള്ള സ്ഥലവും സറണ്ടർ ചെയ്ത് പോക്കുവരവ് നടത്തേണ്ടതാണ്. |
| 10/19, മാങ്ങാത്തൊട്ടി കാർഷിക വിപണനകേന്ദ്രം | 1359000 | 16/25-10-18 ₹1105993 | നിലവിലുള്ള രണ്ട് നില കെട്ടിടം പ്രവർത്തന രഹിതമായിരിക്കെ മൂന്നാമത്തെ നില പണി കഴിപ്പിച്ചിരിക്കുന്നു.യാതൊരു പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല. |

പദ്ധതി നിർവ്വഹിക്കുന്നതിലൂടെ സ്ഥാപനത്തിന് ഗുണകരമായുള്ള പ്രവർത്തനം നടത്തുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പണം ഉപയോഗിച്ചുള്ള പ്രവർത്തികൾ നിഷ്ക്രിയമാകാത്ത രീതിയിൽ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പല പദ്ധതികളും ഗ്രാമസഭകളിലോ, വർക്കിംഗ് ഗ്രൂപ്പുകളിലോ ശരിയായ ചർച്ചകൾ നടത്താതെ കമ്മറ്റി തീരുമാനപ്രകാരം അന്തിമപട്ടികയിൽ ഇടം പിടിച്ചവയാണ്. ചില ഉദാഹരണം ചുവടെ ചേർക്കുന്നു

| | |
|---|---|
| മഞ്ഞക്കുഴി എസ്റ്റേറ്റ് മുത്തേൻ ഭാഗം ജലസേചനക്കുളം | 30/11/2018-ലെ 3(3) തീരുമാനപ്രകാരം |
| തേഡ്-ക്യാമ്പ് ജലസേചനക്കുളം | 14/09/2018-ലെ 4(4)തീരുമാനപ്രകാരം |
| വാക്കാസിറ്റി ജലസേചനക്കുളം | 14/09/2018-ലെ 4(4)തീരുമാനപ്രകാരം |

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും നടപ്പിലാക്കുമ്പോഴും വികേന്ദ്രീകൃതാസൂത്രണത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും പദ്ധതികൾ ജനോപകാരപ്രദമാക്കി തീർക്കുവാനും പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം-2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

-ഇല്ല-

## ഭാഗം-3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

-ഇല്ല-

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 16.06.2019-17.06.2019 | കെ.എസ്.എ-ഐ.ഡി.കെ-3/521(7)/2019 തി.16.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാ തിരിച്ചടവ്

വായ്പയിനത്തിൽ തൻവർഷം വരവില്ല. 2018-19ൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷത്തെ വരവ് | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണം | സ.ഉ.നം. 1673/2010/ ത.സ്വ.ഭ.വ തീ.19.5.10 | 1703819750 | 2369855 | 0 | 1500000 | 0 | 869855 |
| ഐ.എ.വൈ | സ.ഉ.നം. | 1200000 | 1200000 | 0 | 0 | തിരി | തിരി |

| | | | | | | | |
|---|---|---|---|---|---|---|---|
| ഭവന പദ്ധതി | (എം.എസ്) 90/13/ത.സ്വ.ഭ.വ തീ.14.03.13 | | | | | ച്ചടവ് വിവരങ്ങൾ ലഭ്യമല്ല | ച്ചടവ് വിവരങ്ങൾ ലഭ്യമല്ല |

സർക്കാർ ഉത്തരവ് നം.(എം.എസ്) 90/13/ത.സ്വ.ഭ.വ തീ.14.03.2013 പ്രകാരം ഐ.എ.വൈ ഭവന പദ്ധതിപ്രകാരമുള്ള വായ്പ തുകയുടെ മുതലും പലിശയും സർക്കാർ നേരിട്ട് ഒടുക്ക് വരുത്തുന്നതാകയാൽ പഞ്ചായത്തിൽ തിരിച്ചടവ് സംബന്ധിച്ച് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ലോൺ രജിസ്റ്ററിലെ തുകകളും വാർഷിക കണക്കുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 32 | 2000-01 | അവലോകനം | അനർഹർക്ക് ധനസഹായം നൽകി | ലഭ്യമല്ല |
| 1998-99 | 35 | 2000-01 | അവലോകനം | ടിഷ്യൂ കൾച്ചർ യൂണിറ്റിന് 1 ലക്ഷം രൂപ നഷ്ടം | |
| 2000-01 | 20 | 2003-04 | - | വ്യവസായ എസ്റ്റേറ്റിന് വാങ്ങിയ സ്ഥലം സ്കൂൾ പണിയാൻ വിട്ടുനൽകി | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1997-98 | ഖ.17, 24, 30, 31, 32, 33 | കെ.കെ. കൃഷ്ണൻ | LF 24258/ SC2/ 2000 Dt. 12.04.02 | 89403 | | ഇല്ല | | | | | 89403 | |
| 2 | 1997-98 | 16 | മോളി ജോർജ് | LF 24258/ SC2/ 2000 Dt.12.04.02 | 2500 | 500, 8/ 12.3.2000 | ഇല്ല | | | | | 2000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 90313937 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 107834712 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1500000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 1500000 | ഡോ.ബിജു.ഫിലിപ്പ്, മെഡിക്കൽ ഓഫീസർ,പാമ്പാടുംപാറ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-15,1-16,1-18 | |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
| --- | --- | --- |
| ഡോ.ബിജു.ഫിലിപ്പ് മെഡിക്കൽ ഓഫീസർ | പാമ്പാടുംപാറ പി.എച്ച്.സി | തെക്കേൽ വീട് കാരിക്കോട്, കോട്ടയം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
| --- | --- | --- | --- |
| 1995-96 & 1996-97 | എൽ. എഫ്. ഐ-3/443/98 തീയതി 5.3.1999 | 5 | 11,13,14,15,16 |
| 1997-98 | എൽ .എഫ് .ഐ-3/11/99 തീയതി 5.7.1999 | 13 | 13,15,16,17,24, 25,29,30,31,32, 33,34,35 |
| 1998-99 | എൽ.എഫ്.ഐ.3/ 299/ 2000/06.11.2000 | 14 | 19,20,21,25,26, 27,28,30,32,33, 34,35,36,38 |
| 1999-2000 | എൽ.എഫ്.ഐ.3/ 744/2000/ 20.02.2001 | 18 | 1,10,16,17, 18,19,20, 21,22,23,24,25,28, 29,30,32,35,38 |
| 2000-2001 | എൽ.എഫ്.ഐ.3/ 742/2002/ 05.04.2003 | 11 | 1,11,12,13,17, 18,19,23,24,25,26 |
| 2001-2002 | എൽ.എഫ്.ഐ.4/231/04/ 08.09.2004 | 1 | 3-8 |
| 2002-03 | എൽ.എഫ്.ഐ.4/ 26/2005/ 28.01.2005 | 4 | 3-1,3-2,3-3,4-12 |
| 2003-04 | എൽ.എഫ്.ഐ.4/ 287/2005/ 04.07.2005 | 5 | 3-1,3-2,3-3, 3-4,3-5 |
| 2004-05 | എൽ.എഫ്.ഐ.4/1033/ 2006/24.01.2007 | 8 | 2-1,2-2,3-1,3-2, 3-3,3-4,3-5,3-6 |
| 2005-06 | എൽ.എഫ്.ഐ.4/514/08/ 29.08.2008 | 4 | 3-1,3-2,3-3,3-4 |
| 2006-07 | എൽ.എഫ്.ഐ.4/287/2009/ 01.10.2009 | 9 | 2-1,2-1(എ),2-2,3-1, 3-2,3-3,3-4,3-5,3-6 |
| 2007-08 | എൽ.എഫ്.ഐ.4/851/10/ 29.11.10 | 5 | 3-1,3-3,3-4, 3-5,3-6 |
| 2008-09 | എൽ.എഫ്.ഐ.4/280/11/ 08.08.2011 | 9 | 2-4,2-5,2-6, 2-7,3-1,3-2, 3-3,3-4,3-5 |
| 2009-10& 2010-11 | എൽ.എഫ്.ഐ.4/1385/12/ 02.08.2013 | 5 | 2-1,3-1,3-2, 3-3,3-5 |
| 2011-12& | എൽ.എഫ്.ഐ.4/393/14/07.06.14 | 8 | 3-1,3-2,3-3,3-4, |

| | | | |
|---|---|---|---|
| 2012-13 | | | 3-5,3-6,3-7,3-8 |
| 2013-14& 2014-15 | കെ.എസ്.എ.ഐ.ഡി.കെ.12/ 1398/2015 തീ. 07.01.2016 | 11 | 2-1,2-2,2-3, 3-1,3-2,3-4,3-5, 3-6,3-7,3-8,3-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ. 12/27/2017/തീ. 4.3.2017 | 7 | 2-1,2-2,3-1, 3-2,3-3,3-4,3-5 |
| 2016-17 | നം.കെ.എസ്.എ.ഐ.ഡി.കെ. 12/1506/2017 തി. 2.11.17 | 5 | 2-1,2-2,3-1, 3-3(2-6),3-5 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-12/ 199/2019 തി.27.03.2019 | 9 | 2-1,2-2,3-1,3-2, 3-3,3-4,3-5,3-6, 3-7 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-12/ 849/2019

സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ഓഡിറ്റ് കാര്യാലയം, തൊടുപുഴ,
Ph : 04862-227332
E-mail : doidk.ksad@kerala.gov.in
തീയതി:10.12.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ **നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്തിന്റെ** 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

AUDIT CERTIFICATE

No.KSA/IDK-12/849/2019

Kerala State Audit Department

District Audit Office, Idikki
Dated : 10.12.2019
Ph No : 04862 227332
E-mail : doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of NEDUMKANDAM Block Panchayath in Idukki District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act

1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts of Panchayath Raj Instituitions.

In my opinion, the Financial Statements of NEDUMKANDAM Block Panchayath for the 2018-19, except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR
IDUKKI